## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *134** **02.07.2015-ൽ മറുപടിക്ക്**

**പാർട്ണർ കേരള മിഷൻ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| 1. ശ്രീ. ജെയിംസ് മാത്യു<br>2. " . പി.കെ. ഗുരുദാസൻ<br>3. " എം. ഹംസ<br>4. " എ. പ്രദീപ്കുമാർ. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | **പാർട്ണർ കേരള മിഷൻ പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്?** | (എ) | അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഭാഗമായി പൊതുജനോപകാരപ്രദമായ പദ്ധതികളായ ബസ് സ്റ്റാന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ആധുനിക കാർ പാർക്കിംഗ് സെന്ററുകൾ, കൺവെൻഷൻ സെന്ററുകൾ, മൊബിലിറ്റി ഹബ്ബുകൾ, ആധുനിക സ്ലോട്ടർ ഹൗസുകൾ തുടങ്ങിയവയാണ് പാർട്ണർ കേരള മിഷൻ മുഖേന നടപ്പിലാക്കുന്നത്. |
| (ബി) | **പ്രസ്തുത പദ്ധതികളെല്ലാം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പാക്കുന്നത്?** | (ബി) | അതെ. |
| (സി) | **പദ്ധതി ഭൂമി സ്വകാര്യ പങ്കാളി കൈവശം വയ്ക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?** | (സി) | പി.പി.പി. പദ്ധതികൾക്കായി സ്വകാര്യ പങ്കാളിക്ക് നഗരസഭ വികസന അവകാശം നൽകുമ്പോൾ പി.പി.പി. ഡെവലപ്പർ താഴെ പ്പറയുന്ന രീതിയിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥനാണ്.<br><br>1. പദ്ധതിക്കായി അനുവദിക്കുന്ന ഭൂമിയുടെ, സർക്കാർ പ്രസിദ്ധീകരിച്ച ഫെയർ വാല്യുവിന്റെ 2% പദ്ധതി നിർമ്മാണ കാലയളവിൽ വാർഷിക കൺസഷൻ ഫീസായി നഗരസഭകൾക്ക് നൽകണം.<br><br>2. വാർഷിക കൺസഷൻ ഫീസ് വർഷാവർഷം നാണയപ്പെരുപ്പത്തിന്റെ 60% ന്യൂട്രലൈസേഷൻ കൂട്ടിച്ചേർത്ത് പരിഷ്ക്കരിച്ചു നൽകണം.<br><br>3. വികസനാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയിൽ ഡെവലപ്പർക്ക് ഉപയോഗിക്കാനുതകത്തക്ക സ്ഥാവര വസ്തുക്കൾ ഉണ്ടെങ്കിൽ നിശ്ചയിക്കപ്പെടുന്ന വില നഗരസഭകൾക്ക് നൽകണം. |

4. അനുവദിച്ചു നൽകുന്ന പദ്ധതിയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പബ്ലിക് സർവ്വീസ് കംപോണന്റ് ഉണ്ടായിരിക്കണം.

5. കൂടാതെ വികസനത്തിനായി ലഭ്യമാക്കുന്ന ഭൂമിയിൽ വികസിപ്പിച്ചെടുക്കുന്ന പി.പി.പി. പദ്ധതിയുടെ വരുമാനത്തിന്റെ വിഹിതം (ടെൻഡറിലൂടെ നിശ്ചയിക്കപ്പെട്ട) നഗരസഭകൾക്ക് നൽകണം.

| | | | |
|---|---|---|---|
| (ഡി) | **നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെല്ലാം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കൂവെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ?** | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ